LIBRARY ARCHIVES Kerala Legislative Assembly

Tuesday, the *12th August 1947* / *27th Karkadagam 1122*

The Council met in the Council Hall, Ernakulam, at half-past eleven of the clock with the Hon'ble President (Mr. L. M. Pylee, M.A., B.L.) in the Chair.

Messrs. P. V. Sebastian, Jos. K. Verghese, K. Kochukuttan, Parambi Lonappan, K. Balakrishna Menon, A. Eachara Menon, Paramel Ipe Ipe, S. P. Luiz, K. Natarajan Chettiar, M. Sivarama Menon, C. R. Iyyunni, P. E. Warne, Mrs. K. M. R. Menon and Mrs. Dhakshayani Velayudhan were absent.

QUESTIONS AND ANSWERS

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, may I suggest to the Chair that the old practice of this House is that when answers are long, they are not read, only a reference is made. Especially today we have one-page answers for most of the questions. That used to be the practice. It will save time.

Mr. President: Was that the practice?

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, in the case of answers with figures and tabular statements at least, that was the practice. If the reading out is intended for the visitors, then the questions also should be read.

Mr. President: There was a suggestion from the Hon'ble Member some days back that the answers need not be read out by the Government and only supplementary questions may be put. For the time being the old practice will continue.

I announced the other day in the Council that some improved methods are being considered so that as much time as possible can be utilised and as many questions as possible can be answered. Methods to improve the situation are thus being considered. For the time being we will follow the old practice. At the same time, as I mentioned the other day, the Hon'ble Members will kindly stick themselves to necessity in putting supplementary questions.

CASTE-WAR STATEMENT OF STUDENTS ADMITTED IN THE MAHARAJA'S COLLEGE

370. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സഭയിൽ മറുപടി പറയുമോ.—

(എ) എറണാകുളം മഹാരാജാസ് കോളേജിൽ ബി. എ., ബി. എസ്സ്. സി., എന്നീ ക്ലാസ്സുകളിൽ (ജൂനിയർ) ഒരോന്നിലും ഇക്കൊല്ലം അഡ്മിഷൻ കൊടുത്തിട്ടുള്ള കുട്ടികളുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക സഭയിൽ മേശപ്പുറത്തു വെക്കുമോ;

(ബി) ബി. എ. ക്കും ബി. എസ്സ്. സി. ക്കും ഓരോ ഗ്രൂപ്പുകളിലും അഡ്മിഷൻ നല്കുമ്പോൾ പിന്നോക്ക സമുദായങ്ങളിലേയും അധഃകൃത സമുദായങ്ങളിലേയും കുട്ടികൾക്കു പ്രത്യേക പരിഗണന വല്ലതും നൽകുകയുണ്ടായിട്ടുണ്ടോ; അതോ കേവലം മാർക്കുമാത്രം നോക്കിയാണോ അഡ്മിഷൻ നൽകിയിട്ടുള്ളതു;

(സി) പിന്നോക്കസമുദായങ്ങൾക്കും അധഃകൃതസമുദായങ്ങൾക്കും പ്രത്യേക പരിഗണന നൽകിയിട്ടുണ്ടെങ്കിൽ എത്ര ശതമാനം സീറ്റുകൾ ഓരോ ഗ്രൂപ്പിലും മേൽപറഞ്ഞ ക്ലാസ്സുകളിൽ അവർക്കു മാറ്റിവെച്ചിട്ടുണ്ടായിരുന്നു;

(ഡി) കെമിസ്ട്രി ബി. എസ്സ്. സി. ക്കു് എത്ര പേർ ഈഴവരിൽനിന്നും മറ്റു തീണ്ടൽ ജാതിക്കാരിൽനിന്നും അപേക്ഷിച്ചിട്ടുണ്ടായിരുന്നു; അവരിൽ എത്രപേർക്കു വീതം പ്രവേശനം നൽകി;